
ബൈബിൾ ചിത്രകഥ 34

# പ്രവാചകൻ



MAR LOUIS PUBLICATIONS

# ബൈബിൾ ചിത്രകഥ-34

# യേശുക്രിസ്തു -4

# യുഗാന്ത പ്രവാചകൻ

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

## യുഗാന്ത പ്രവാചകൻ

യേശുവിൻറെ പരസ്യജീവിതത്തെക്കുറിച്ചു നാലു സുവിശേഷകന്മാരും പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ജോർദ്ദാനിലെ മാമ്മോദീസാ മുതൽ പീഡാനുഭവം വരെയുള്ള പ്രവർത്തനങ്ങളും പഠനങ്ങളും അവതരിപ്പിക്കുന്ന ക്രമത്തിൽ അവർ തമ്മിൽ ഐക്യരൂപമില്ല. തന്മൂലം യേശുവിൻറെ ജീവിതം കാലക്രമമനുസരിച്ചു ചിത്രീകരിക്കുക എളുപ്പമല്ല. ഏറ്റം പുരാതനമെന്നു പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്ന വി. മർക്കോസിന്റെ സുവിശേഷം നൽകുന്ന ചരിത്രത്തിന്റെ ചട്ടക്കൂട്ടിൽ മറ്റ് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളും പഠനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണു തുടർന്നുള്ള

ചിത്രകഥകൾ രചിച്ചിരിക്കുന്നത്. പരസ്യ ജീവിതത്തിന്റെ തുടക്കം കുറിക്കുന്ന മരുഭൂമിയിലെ പ്രലോഭനം, ആദ്യ ശിഷ്യന്മാർ, കാനായിലും കഫർണാമിലും നടന്ന അത്ഭുതങ്ങൾ, നസ്രത്തിലെ പ്രഖ്യാപനം എന്നീ സംഭവങ്ങൾ ഈ ചിത്രകഥയിൽ പ്രതിപാദിക്കുന്നു.

മോശയെപ്പോലെ ഒരു പ്രവാചകനെ വീണ്ടും അയച്ചു ദൈവം തങ്ങളെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കും എന്ന് ഇസ്രയേൽജനം പ്രതീക്ഷിച്ചിരുന്നു. പഴയ നിയമത്തിലെ പല പ്രവചനങ്ങളും ഈ പ്രതീക്ഷയ്ക്ക് നിറം പകർന്നു. ഇപ്രകാരമുള്ള ഒരു പ്രവചനമാണ് യേശു നസ്രത്തിലെ സിനഗോഗിൽ വച്ചു വായിച്ചത് (ഏശ. 61: 1-2) "ഇന്ന് ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു" എന്നു പ്രഖ്യാപിച്ചപ്പോൾ ഏശയ്യായിലൂടെ ദൈവം

വാഗ്ദാനം ചെയ്ത പ്രവാചകനാണു താൻ എന്ന് യേശു വെളിപ്പെടുത്തുകയായിരുന്നു. പ്രവചനങ്ങൾ പൂർത്തീകരിച്ചുകൊണ്ടു പഴയ യുഗത്തിന് അന്ത്യം കുറിക്കുകയും രക്ഷയുടെ പുതുയുഗം ഉദ്ഘാടനം ചെയ്യുകയും ചെയ്യുന്നതിനാൽ യേശുവിനെ യുഗാന്ത പ്രവാചകൻ എന്നു വിളിക്കുന്നു.

ദൈവവചനം ജനത്തെ അറിയിക്കാനായി ദൈവ-ത്താൽ അയക്കപ്പെടുന്നവനാണു പ്രവാചകൻ. ദൈവം തൻറെ ആത്മാവിനെ നൽകിക്കൊണ്ടാണ് ഒരാളെ പ്രവാചകനായി അഭിഷേകം ചെയ്യുന്നത്. ദൈവാ-ത്മാവിന്റെ പ്രചോദനം അനുസരിച്ചായിരിക്കും പ്രവാചകൻ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ദൈവത്തോടുള്ള വിശ്വസ്തതയും

വിധേയത്വവും പ്രവാചകൻറെ മുഖമുദ്രയായിരിക്കും.

ദാരിദ്ര്യവും ചൂഷണവും രോഗവും മരണവും എല്ലാം മനുഷ്യൻ അനുഭവിക്കുന്ന അടിമത്തത്തിന്റെ വിവിധ രൂപങ്ങളാണ്. ഇവയുടെയെല്ലാം ആദികാരണം പാപമത്രെ. പാപംവഴി മനുഷ്യൻ തിന്മയുടെ ശക്തിയായ സാത്താന്റെ അടിമത്തത്തിലായി. ഈ അടിമത്തത്തിൽ നിന്നു മോചനം ലഭിക്കുമ്പോൾ മാത്രമേ മനുഷ്യൻ പൂർണമായി സ്വതന്ത്രനാകൂ. അതിനാൽ യേശു ആദ്യമേ ചെയ്യുന്നത് സാത്താന്റെ മേൽ വിജയം വരിക്കുകയാണ്. കഫർണാമിലെ അത്ഭുതങ്ങൾ ഈ വിജയത്തിൻറെ അടയാളങ്ങളത്രേ.

ദൈവം നമുക്കു സൗജന്യമായി നൽകുന്ന ദൈവിക ജീവൻറെ പ്രതീകമാണു കാനായിലെ വീഞ്ഞ്. അത് വിശുദ്ധ കുർബാനയുടെ അടയാളവുമാണ്. കുരിശിൽ വച്ചാണ് യേശു നമുക്കു വേണ്ടി തന്റെ രക്തം നൽകിയത്. അതിനാലത്രേ തന്റെ സമയം ഇനിയും ആയിട്ടില്ല എന്ന് യേശു പറഞ്ഞത്. എന്നാലും മാതാവിൻറെ യാചന സ്വീകരിച്ചുകൊണ്ട് അത്ഭുതം പ്രവർത്തിച്ചപ്പോൾ അമ്മയുടെ മാധ്യസ്ഥത യേശു അംഗീകരിക്കുകയായിരുന്നു.

യഥാർത്ഥമായ മോചനവും സന്തോഷവും നല്കാൻ യേശുവിനു മാത്രമേ കഴിയൂ. യേശുവിനെ കണ്ടുമുട്ടിക്കഴിയുമ്പോൾ സമ്പത്തും പ്രതാപവും സ്ഥാനമാനങ്ങളും എല്ലാം വിലകെട്ടതായി അനുഭവപ്പെടും. ആദ്യശിഷ്യന്മാരെപ്പോലെ തന്നെ അനുഗമി-

ക്കാനും താൻ പ്രഘോഷിച്ച വിമോചനത്തിന്റെ സുവിശേഷം എല്ലാവരോടും പ്രസംഗിക്കാനും വേണ്ടി യേശു നമ്മെയും വിളിക്കുന്നു.

യോഹന്നാനിൽ നിന്നു മാമ്മോദീസ സ്വീകരിച്ച യേശു
പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു.




അവൻ കഠിനമായ തപസ്സിലും ഏകാഗ്രമായ പ്രാർത്ഥനയിലും നാൽപതു ദിവസം ചെലവഴിച്ചു. തന്റെ ദൗത്യം വ്യക്തമായി ഗ്രഹിക്കാൻ വേണ്ടി തീവ്രമായി പ്രാർത്ഥിച്ചു.






എന്താണ് മനുഷ്യരക്ഷയുടെ വഴി? പിതാവേ, എന്താണ് എന്നെ സംബന്ധിച്ച അവിടുത്തെ തിരുവിഷ്ടം?



"എൻറെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു........അവരുടെ നിലവിളി ഞാൻ കേട്ടു" .

തൻറെ ജനത്തിന്റെ ക്ലേശങ്ങളും ദൈവം മോചനം നൽകിയ സംഭവങ്ങളും അവൻറെ മനസ്സിലൂടെ കടന്നുപോയി.





ഇന്നു റോമിന്റെ അടിമകൾ. അദ്ധ്വാനിക്കുന്ന അടിമ കൾക്ക് ആഹാരമില്ല.


അപ്പം......അപ്പം...


തിന്മയുടെ ശക്തിയായ സാത്താൻ യേശുവിൻറെ മനസ്സിലേക്കു പ്രലോഭനങ്ങൾ തൊടുത്തുവിട്ടു.
നീ ദൈവപുത്രനല്ലേ? ജനത്തെ രക്ഷിക്കാൻ അയക്കപ്പെട്ട ദൈവപുത്രൻ! വിശപ്പിൻറെ കാഠിന്യം നിനക്കറിയില്ലേ? നിനക്കു വിശക്കുന്നില്ലേ?
ഇതാണു മോചനത്തിൻറെ പാത. അപ്പമില്ലാതെ മോചനമില്ല. പറയൂ, ഈ കല്ലുകളോട് അപ്പമാകാൻ പറയൂ.
ഈ കല്ല് അപ്പമാക്കാൻ നിനക്ക് കഴിയും. ഇതിനെ അപ്പമാക്കി ഭക്ഷിച്ചു വിശപ്പടക്കൂ.
വയറു നിറയെ അപ്പം നൽകുന്നവനെ ആരും അനുഗമിക്കും. ഇതാണു രക്ഷയു ടെ മാർഗ്ഗം.
വിശക്കുന്നവർക്ക് അപ്പം കൊടുക്കൂ. വിശപ്പിൽ നിന്ന് ജനത്തെ രക്ഷിക്കൂ.
ലോകത്തിലെ കല്ലു മുഴുവൻ നിൻറെ വാക്കാൽ അപ്പമാകട്ടെ.. സമൃദ്ധിയുണ്ടാകട്ടെ.



ശക്തമായി പ്രലോഭിപ്പിക്കപ്പെട്ട യേശു ദൈവവചനത്തിൽ അഭയം തേടി.
അപ്പവും ഇറച്ചിയും തിന്നു വയറുനിറഞ്ഞവർ പിറുപിറുത്തു. മരുഭൂമിയിൽ അവരുടെ ശവങ്ങൾ ചിതറിക്കിടക്കുന്നു.


അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിൻറെ അധരത്തിൽ നിന്നു പുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണു മനുഷ്യൻ ജീവിക്കുന്നത്.


പ്രലോഭനം കൂടുതൽ ശക്തമായി തുടർന്നു.
അടയാളം കണ്ടാലേ ജനം വിശ്വസിക്കൂ. പാവങ്ങൾക്കാവശ്യം അത്ഭുതമാണ്.
ശരിയാണ് ദൈവത്തിൻറെ വചനമാണു ജന ത്തിനാവശ്യം. എന്നാൽ നീ പറയുന്നത് അവർ വിശ്വസിക്കണ്ടേ?


അത്ഭുതം
പ്രവർത്തിക്കുന്ന
രക്ഷകനെയാണു
ജനം
പ്രതീക്ഷിക്കു-
ന്നതെന്ന്
നിനക്കറിയില്ലേ?
ദൈവമാണു
നിന്നെ
അയച്ചതെന്നു
തെളിയിക്കുന്ന
വലിയൊരത്ഭുതം.
ഇതുവരെ
ആരും
പ്രവർത്തിച്ചി-
ട്ടില്ലാത്ത ഒരു
മഹാത്ഭുതം .


അടുത്ത നിമിഷം താൻ ജറുസലേം ദേവാലയത്തിന്റെ മുകളിൽ നിൽക്കുന്നതായി യേശുവിന് അനുഭവപ്പെട്ടു.
താഴേക്ക് ചാടൂ! ദൈവദൂതന്മാർ നിന്നെ താങ്ങിക്കൊള്ളും. അപകടം പറ്റാതെ താഴെ ചെന്ന് നിൽക്കുമ്പോൾ നിന്നെ സ്വർഗ്ഗത്തിൽ നിന്നു വന്നവനായി ജനം അംഗീകരിക്കും.


നിൻറെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത് എന്നെഴുതപ്പെട്ടിരിക്കുന്നു.


അത്ഭുതം കണ്ടവർ
വിശ്വസിച്ചില്ല.
കണ്ണടച്ചിരിക്കുന്നവരുടെ മുമ്പിൽ
അത്ഭുതത്തിനെന്തർത്ഥം?

പ്രലോഭകൻ അതിശക്തമായി തിരിച്ചടിച്ചു.






കർത്താവേ...



ജസ്സെയുടെ കുറ്റിയിൽ ഒരു മുള
കിളിർത്തുവരും. അവൻ
ഇരുമ്പുദണ്ഡുകൊണ്ടു ഭരിക്കും. നീതി
നടപ്പിലാക്കും.



ആയുധമെടുക്കൂ. അനീതിക്കറുതി വരുത്തൂ. ദാവീദിനെപ്പോലെ ജനത്തിനു മോചനം നൽകൂ.

താൻ ഒരു വലിയ മലമുകളിൽ നിൽക്കുന്നതായി യേശുവിനു തോന്നി. ലോകത്തിന്റെ പ്രൗഢി മുഴുവൻ അവന്റെ കൺമുന്നിൽ തെളിഞ്ഞു.




നേതൃത്വം ഏറ്റെടുക്കൂ! അധികാരം കയ്യടക്കി നീതി പുനഃസ്ഥാപിക്കൂ. അക്രമം അവസാനിപ്പിക്കൂ!
എന്നെ കുമ്പിട്ടാരാധിക്കൂ! നിന്നെ ഞാൻ ലോകത്തിൻറെ മുഴുവൻ അധികാരിയാക്കാം.



പറുദീസായിൽ ആദിമ
മനുഷ്യൻ കേട്ട അതേ ശബ്ദം!


സാത്താനേ, അകന്നുപോകൂ! "ദൈവമായ കർത്താവിനെ ആരാധിക്കുക. അവനെ മാത്രമേ പൂജിക്കാവൂ" എന്ന് എഴുതപ്പെട്ടിരിക്കുന്നു.


പിതാവിനോടുള്ള പൂർണ്ണ വിധേയത്വം ഏറ്റുപറഞ്ഞുകൊണ്ട് യേശു വിജയം വരിച്ചു.
പിതാവേ, ഇതാ അവിടത്തെ ദാസൻ. അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എൻറെ ഭക്ഷണം.


പരിശുദ്ധാത്മാവിന്റെ ശക്തിയോടെ അവൻ മരുഭൂമിയിൽ നിന്ന് മടങ്ങി.
നിങ്ങൾ ആരാണ്?
എന്റെ പേര് യോഹന്നാൻ. ഇത് അന്ത്രയോസ്. ഞങ്ങൾ സ്നാപകന്റെ ശിഷ്യന്മാരായിരുന്നു.
നിങ്ങൾ എന്തന്വേഷിക്കുന്നു?


ഗുരോ അങ്ങെവിടെ യാണു വസിക്കുന്നത്? ഞങ്ങൾ ശിഷ്യന്മാരാകാൻ ആഗ്രഹിക്കുന്നു.


യോഹന്നാൻ, അന്ത്രയോസ്, എൻറെ കൂടെ വരുവിൻ. വന്നു കാണുവിൻ.


അങ്ങറിഞ്ഞില്ലേ? സ്നാപകനെ അവർ തടവിലാക്കി.
?


നിരപരാധിയായ അദ്ദേഹത്തെ നിങ്ങൾ എന്തിനാണു പിടിച്ചു കെട്ടുന്നത്?
രാജാവിനെതിരേ ശബ്ദമുയർത്തുന്നത് അപകടമാണെന്ന് അറിയില്ലേ?
അപകടം പ്രസംഗിക്കുന്നവനല്ല, തെറ്റു ചെയ്യുന്നവനാണ്. മനസ്സു തിരിയുവിൻ.


അവർ അദ്ദേഹത്തെ മക്കേരൂസ് കോട്ടയിലേക്കാണു കൊണ്ടുപോയത്.
രാജ്ഞിയുടെ പകയാണ്. ഇനിയും എന്തൊക്കെയാണോ സംഭവിക്കുക!
!



തീവ്രവാദികൾ സംഘടിച്ചു കോട്ടയാക്രമിക്കാൻ ഒരുങ്ങുന്നുണ്ട്. എത്ര വേഗമാണ് എല്ലാം അവസാനിച്ചത്. സത്യത്തിനും നീതിക്കും ഇവിടെ നിലനിൽപ്പില്ലേ ഗുരോ?
ഇത് അവസാനമല്ല. തുടക്കമാണ്. സത്യത്തിന്റെ മാർഗ്ഗം മനുഷ്യൻ ഇനിയും ഗ്രഹിച്ചിട്ടില്ല.
!!


അവർ യാത്ര ചെയ്തു നസ്രത്തിൽ എത്തി.
അമ്മേ, ശാലോം.
ശാലോം മകനേ, എത്ര നാളായി ഞാൻ കാത്തിരിക്കുന്നു. കൂട്ടുകാരുമുണ്ടല്ലോ. വരുവിൻ.
ശാലോം.


കയറിയിരിക്കിൻ. നിങ്ങൾക്കു വിശക്കുന്നുണ്ടാവുമല്ലോ.
ഒരു ഒട്ടകത്തെ മുഴുവനോടെ തിന്നാനുള്ള വിശപ്പുണ്ടെനിക്ക്.


നാളെ കാനായിൽ അബിയായുടെ കല്യാണമാ. നമ്മളെല്ലാവരും ചെല്ലണം.
ഞാൻ?


തീർച്ചയായും, യേശുവിൻറെ കൂട്ടുകാരെല്ലാം ഞങ്ങളുടെ കുടുംബാംഗങ്ങളാണ്.
നമുക്കു രാവിലെ പുറപ്പെടാം.


കാനായിലെ കല്യാണവിരുന്ന്.
?!!


മേരി യേശുവിനെ പുറത്തേക്കു വിളിച്ചു.
വീഞ്ഞു തീർന്നുപോയി.
സ്ത്രീയേ എനിക്കും നിനക്കും എന്ത്? എൻറെ സമയം ഇനിയും ആയിട്ടില്ല.


മേരി പരിചാരകരോട്-
യേശു പറയുന്നതുപോലെ ചെയ്യുക.


ഈ കൽഭരണികളിൽ
വെള്ളം
നിറയ്ക്കുവിൻ.

അവർ ഭരണികൾ വക്കോളം നിറച്ചു.





ഇനി ഭരണിയിൽനിന്നു പകർന്നു കലവറ വിചാരിപ്പുകാരനു കൊണ്ടുപോയി കൊടുക്കുവിൻ.


കലവറ വിചാരിപ്പുകാരൻ രുചിച്ചു നോക്കിയിട്ട്.
കൊള്ളാം, ഇത്ര നല്ല വീഞ്ഞ് എൻറെ ജീവിതത്തിൽ ഞാൻ കുടിച്ചിട്ടില്ല.


വിചാരിപ്പുകാരൻ മണവാളനോട്.
ഒന്നാം തരം വീഞ്ഞു നീ അവസാനത്തേക്കു മാറ്റിവച്ചു അല്ലേ?
!!!


യോഹന്നാൻ, ഒരു വലിയ അത്ഭുതം നമ്മുടെ കൺമുമ്പിൽ വച്ചു നടന്നിരിക്കുന്നു.
ശരിയാണ്, അന്ത്രയോസ്. നമ്മൾ അന്വേഷിക്കുന്ന മിശിഹാ ഇദ്ദേഹം തന്നെ, സംശയമില്ല.


അവർ കഫർണാമിലേക്കു യാത്രയായി.
അതാ കഫർണാം. അവിടെ നല്ലൊരു പ്രാർത്ഥനാലയമുണ്ട്.
വലിയൊരു ചുങ്കപ്പുരയും. മത്തായിയാണ് പ്രധാന ചുങ്കക്കാരൻ. കണ്ണിൽ ചോരയില്ലാത്തൊരു ക്രൂരൻ.


റോമക്കാർക്കും ഹേറോദേസിനും വേറെ വേറെ നികുതിയല്ലേ. ആ പേരും പറഞ്ഞ് അയാൾ ജനത്തെ കൊള്ളയടിക്കുകയാണ്.
പിടിക്കുന്ന മീനിന്റെ മുക്കാൽ ഭാഗവും നികുതിയായി കൊടുക്കണം. പലരുടെയും വള്ളവും വലയും അയാൾക്കു പണയത്തിലാണ്.


കഴിഞ്ഞ വർഷം ബറാബ്ബാസും കൂട്ടരും കയറി കടച്ചീട്ടുകൾ കത്തിച്ചതോടെ അയാൾക്കു പേടി തട്ടിയിട്ടുണ്ട്.
ഇപ്പോൾ സ്ഥിരം പട്ടാളം കാവലല്ലേ! റോമാക്കാരുടെ സേവ പിടിച്ചു നാടുമുടിക്കുന്ന ജനദ്രോഹികൾ ഇതുപോലെ ധാരാളമുണ്ട്.
!


വൈകുന്നേരമായപ്പോൾ അവർ കഫർണാമിലെത്തി. സെബദിയുടെ മുമ്പിൽ.
അപ്പാ, ഞങ്ങൾ അന്വേഷിച്ചതു കണ്ടെത്തി.
ഇത് നമ്മുടെ മേരി ചേച്ചിയുടെ മകൻ യേശുവല്ലേ. ശാലോം.
ശാലോം.
വരിൻ, നമുക്കു വീട്ടിലേക്കു പോകാം. നിൻറെ ഇളയമ്മക്കു നിന്നെ കാണുമ്പോൾ വലിയ സന്തോഷമാകും.


സലോമീ, നോക്കൂ, ആരാ വന്നിരിക്കുന്നതെന്ന്.
ഇളയമ്മേ ശാലോം.
ശാലോം മകനേ, നസ്രത്തിൽ എന്തുണ്ടു വിശേഷം? ചേച്ചിക്കു സുഖമല്ലേ?



പിറ്റേന്നു സാബത്തായിരുന്നു. സിനഗോഗിൽ വിശുദ്ധഗ്രന്ഥ വായനയ്ക്കു ശേഷം.
സഹോദരങ്ങളേ, ഇന്നത്തെ പ്രാർത്ഥനാ സമ്മേളനത്തിൽ നമുക്കൊരു അതിഥിയുണ്ട്. നസ്രത്തിലെ യേശു. അദ്ദേഹം നമുക്കായി ദൈവവചനം വ്യാഖ്യാനിക്കും.


സഹോദരങ്ങളേ സന്തോഷിക്കുവിൻ. നൂറ്റാണ്ടുകളായി പിതാക്കന്മാർ കാത്തിരുന്ന ദിവസം സമാഗതമായിരിക്കുന്നു. സമയം പൂർത്തിയായി. ഇതാ ദൈവരാജ്യം വന്നുകഴിഞ്ഞു.
റോമാക്കാർ ഇവിടെ തേർവാഴ്ച നടത്തുമ്പോൾ, പട്ടിണിയും രോഗവും ഇവിടെ മരണം വിതക്കുമ്പോൾ, പ്രതീക്ഷ പൂർത്തിയായി എന്ന് നിനക്കെങ്ങനെ പറയാൻ കഴിയും?
ദൈവരാജ്യം വന്നെങ്കിൽ എവിടെ നമ്മുടെ സ്വാതന്ത്ര്യം? എവിടെ പ്രവാചകന്മാർ കണ്ട സമൃദ്ധി?



നിങ്ങളുടെ ഹൃദയങ്ങൾ തുറക്കുവിൻ. മാനസാന്തരപ്പെടുവിൻ. ദൈവം നിങ്ങൾക്കു സ്വാതന്ത്ര്യം വച്ചുനീട്ടുന്നു.


റോമാക്കാർ അടിച്ചേൽപ്പിക്കുന്നതിനേക്കാൾ വലിയ അടിമത്തമാണ് പാപത്തിന്റെ അടിമത്തം.
!!?


പാപം ചെയ്യുന്നവൻ പാപത്തിനെ അടിമയാണ്. പാപം വഴി സാത്താൻ ലോകത്തിന്റെ മേൽ സ്ഥാപിച്ച ആധിപത്യം അവസാനിച്ചിരിക്കുന്നു.


അവൻ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഒരു പിശാചു ബാധിതൻ ഉച്ചത്തിൽ നിലവിളിച്ചു.
ആ... നസ്രായനായ യേശൂ, നീ ആരാണെന്ന് ഞങ്ങൾക്കറിയാം. ഞങ്ങളെ നശിപ്പിക്കാനാണോ നീ വന്നിരിക്കുന്നത്?
??!
സാത്താൻ..


ദൈവത്തിൻറെ പുത്രാ... ഞങ്ങളുടെ കാര്യത്തിൽ നീ എന്തിനിടപെടുന്നു?
ദുഷ്ടാത്മാവേ, മിണ്ടരുത്. ഇവനെ വിട്ടു പോകൂ....


തൽക്ഷണം അയാൾ മറിഞ്ഞു വീണു. ദുഷ്ടാരൂപി അയാളെ വിട്ടുപോയി.
എഴുന്നേൽക്കൂ! തിന്മയുടെ ശക്തിയിൽനിന്നു വിമുക്തനായിരിക്കൂ.
ഇതാര്, ഇതെന്തൊരു ശക്തി?
എന്തൊരധികാര മാണിത്! ഇങ്ങനെ യൊന്നു കേട്ടുകേൾവി പോലുമില്ല.
ദൈവം ഇവിടെ പ്രവർത്തിച്ചിരി ക്കുന്നു. ഹല്ലേലുയ്യാ.


സിനഗോഗിലെ സംഭവം പട്ടണത്തിൽ മുഴുവൻ സംസാരവിഷയമായി. പിറ്റേന്ന് രാവിലെ..
ശിമയോൻ, ഇതാ ഞാൻ പറഞ്ഞ ഗുരു. സ്നാപകൻ ഇദ്ദേഹത്തെക്കുറിച്ചാണു സംസാരിച്ചത്.
എന്താ, വീണ്ടും ഒരു മതപ്രസംഗകനോ? രാപ്പകൽ പണിയെടുത്തിട്ടും പട്ടിണി കിടക്കാൻ വിധിക്കപ്പെട്ടവർക്ക് മതപ്രസംഗകരല്ല വേണ്ടത്.


കണ്ടില്ലേ വല? മത്തായിക്കു നികുതി കൊടുക്കണം. വള്ളവും വലയും പണയത്തിൽ. വീട്ടിൽ പട്ടിണിയും.
വരൂ ജ്യേഷ്ഠാ, ഗുരുവുമായി ഒന്നു സംസാരിക്കൂ.


നീയും നിന്റെ ഗുരുവും. പറ്റുമെങ്കിൽ എൻറെ വലയിൽ മീൻ നിറയ്ക്കാൻ കഴിവുള്ള ഒരു ഗുരുവിനെ കണ്ടുപിടിക്കൂ!
ശിമയോൻ!
!



ശിമയോൻ, ആഴത്തിലേക്കു വള്ളം നീക്കി വലയിറക്കു!
രാത്രി മുഴുവൻ ഞാൻ ആഴക്കടൽ അരിച്ചു പിടിച്ചതാണ്. ഇനി ഇപ്പോഴാണോ മീൻ കിട്ടുന്നത്?



ശിമയോൻ, ഗുരു പറഞ്ഞതു ചെയ്യൂ.
ഈ നസ്രത്തുകാരൻ മരപ്പണിക്കാരനു കടലിനെയും മീനിനെയും കുറിച്ച് എന്തറിയാം?



ശിമയോൻ, ഗുരു ആരാണെന്നു നിനക്കറിയില്ല.
ശരി, നിർബന്ധമാണെങ്കിൽ.....നിന്റെ ഗുരുവിനോടു മീനിനെ മാനസാന്തരപ്പെടുത്തി വലയിൽ കയറ്റാൻ പറയൂ.

അവർ യേശുവിനോടൊപ്പം
തോണിയിൽ ആഴക്കടലിലേക്കു നീങ്ങി.




യേശു
പറഞ്ഞതനുസരി
ച്ച് അവർ
വലയിറക്കി.


വല വലിച്ചപ്പോൾ.
ഇതിൽ എന്താ തിമിംഗലം കയറിയോ?
സൂക്ഷിച്ചു വലിക്ക്. അല്ലെങ്കിൽ വല കീറും.




അടുത്തുണ്ടാ
യിരുന്ന
സെബദിയുടെ
വള്ളം അവർ
വിളിച്ചുവരു
ത്തി. രണ്ടു
വള്ളത്തിലും
മീൻ നിറഞ്ഞു.


കർത്താവേ, ഞാൻ ഒരു പാപിയാണ്. അങ്ങ് എൻറെ വള്ളത്തിൽ നിൽക്കാൻ ഞാൻ യോഗ്യനല്ല.
ഭയപ്പെടേണ്ട. എൻറെ കൂടെ വരൂ. മീൻ പിടുത്തക്കാരനായ നീ, ഇനി മനുഷ്യരെ പിടിക്കുന്നവനാകും.

അവർ വള്ളം കരയ്ക്കടുപ്പിച്ചതിനുശേഷം ശിമയോൻറെ വീട്ടിലേക്ക് പോയി. ശിമയോന്റെ അമ്മായിയമ്മ പനിപിടിച്ചു കിടക്കുകയായിരുന്നു.




യേശു അവളെ കൈ പിടിച്ചുയർത്തി. തൽക്ഷണം പനി വിട്ടുമാറി.
എന്താ എല്ലാവരും ഇങ്ങനെ മിഴിച്ചു നിൽക്കുന്നത്? ശിമയോൻ, ഗുരുവിനിരിക്കാൻ ആ കസാലയിങ്ങെടുത്തിട്. എടീ റുത്തേ, അടുക്കളയിലേക്കു ചെല്ല്. ഞാനും ഇതാ വന്നുകഴിഞ്ഞു.

സായാഹ്നമായപ്പോഴേക്കും അനേകം രോഗികളും വികലാംഗരും പിശാചു ബാധിതരും ശിമയോൻറെ വീട്ടുമുറ്റത്തെത്തി. യേശു അവരെയെല്ലാം സുഖപ്പെടുത്തി.




പിറ്റേന്നു പ്രഭാതത്തിൽ.
യേശു എവിടെ? ഞങ്ങൾക്ക് അദ്ദേഹത്തെ കാണണം.
ഗുരുനാഥൻ ഇവിടെയില്ല.
എവിടെയാണെന്നു പറയൂ, ഞങ്ങൾ അങ്ങോട്ട് പോകാം.
വേണ്ട. ഗുരു പ്രാർത്ഥിക്കാൻ പോയതാണ്. ഞങ്ങൾ വിളിക്കാം.


അതിരാവിലെ എണീറ്റു പ്രാർത്ഥിക്കാൻ പോയ യേശുവിനെ
അവർ വിജനസ്ഥലത്തു കണ്ടുമുട്ടി.




അതിനുവേണ്ടിയാണു
ഞാൻ
അയയ്ക്കപ്പെട്ടിരിക്കുന്നത്.

ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും രോഗികളെ സുഖപ്പെടുത്തിയും യേശു ഗലീലിയിൽ ചുറ്റി നടന്നു. ഒരു സാബത്തു ദിവസം അവൻ നസ്രത്തിലെ സിനഗോഗിൽവന്നു.




പ്രാരംഭ
പ്രാർത്ഥനകൾക്കു
ശേഷം.



ഏശയ്യാ പ്രവാചക
ന്റെ പുസ്തകത്തിൽ
നിന്നുള്ള വായന.



കർത്താവിൻറെ ആത്മാവ് എൻറെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.



ബന്ധിതർക്ക് മോചനവും, അന്ധർക്കു കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും, കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു.


വായനയ്ക്കു ശേഷം.
പ്രവാസത്തിൽ നിന്നു മടങ്ങി വന്നിട്ടും വീടാത്ത കടവും പട്ടിണിയും മൂലം അടിമകളായി വിൽക്കപ്പെട്ടവരോടു പ്രവാചകൻ പറഞ്ഞ വാക്കുകളാണല്ലോ ഇത്.
വായന എന്താ ഇടയ്ക്കുവച്ചു നിർത്തിയത്? ശിക്ഷയുടെ ദിവസം വിട്ടുകളഞ്ഞു.
മിണ്ടാതിരിക്കിൻ, അയാൾ പറയുന്നതെന്താണെന്നു കേൾക്കാം.


പ്രവാചകന്റെ വാക്കുകൾ കർത്താവിൻറെ വാഗ്ദാനമാണ്. അടിമത്തത്തിൽ കഴിയുന്ന സകല ജനങ്ങൾക്കും ദൈവം നൽകുന്ന വാഗ്ദാനം.


നിങ്ങൾ കേട്ടിരിക്കെ ഇന്ന് ഈ തിരുവെഴുത്ത് നിറവേറിയിരിക്കുന്നു.


എത്ര ഭംഗിയായി അവൻ സംസാരിക്കുന്നു! രക്ഷയുടെ വചനങ്ങൾ.
ഇതു പറയാൻ ഇവനെന്തധികാരം? മിശിഹാ വരുമ്പോഴല്ലേ ഈ തിരുവെഴുത്തു നിറവേറുകയുള്ളൂ?
അവൻ എന്താണ് പറഞ്ഞത്? തിരുവെഴുത്തു നിറവേറിയെന്നോ?



ഇവൻ ആ മരപ്പണിക്കാരൻ ജോസഫിന്റെ മകനല്ലേ?
ഇവൻ പണിത കസാലയിലാണ് ഞാൻ എന്നും ഇരിക്കുന്നത്. എന്നിട്ടിപ്പോൾ പ്രവാചകൻ ചമയുകയാണോ?
മനസ്സുതിരിഞ്ഞു സുവിശേഷത്തിൽ വിശ്വസിക്കുവിൻ.


നിന്നെ വിശ്വസിക്കാൻ എന്തടയാളമാണു നീ കാണിക്കുക?
കഫർണാമിൽ നീ ചെയ്തെന്നു കേട്ട അത്ഭുതങ്ങൾ ഇവിടെ നിൻറെ നാട്ടിൽ പ്രവർത്തിക്കൂ.
വൈദ്യാ, നിന്നെത്തന്നെ സുഖപ്പെടുത്തൂ.


സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, ഒരു പ്രവാചകനും സ്വന്തം നാട്ടിൽ സ്വീകരിക്കപ്പെടുന്നില്ല.


നീ ആരാണെന്നാ നിൻറെ ഭാവം? ഒരു പ്രവാചകൻ പോലും!
ഏലിയാ പ്രവാചകന്റെ കാലത്ത് ഇസ്രായേലിൽ ധാരാളം വിധവകളുണ്ടായിരുന്നു.



എന്നാൽ വരൾച്ചയുണ്ടായപ്പോൾ വിജാതീയ സ്ത്രീയായ സറെഫ്തായിലെ വിധവയുടെ അടുക്കലേക്കാണ് പ്രവാചകൻ അയക്കപ്പെട്ടത്.
നീ സൂക്ഷിച്ചു സംസാരിക്കണം.


ഏലീഷാ പ്രവാചകൻറെ കാലത്ത് ഇസ്രായേലിൽ ധാരാളം കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. എന്നാൽ സിറിയാക്കാരനായ നാമാൻ മാത്രമേ സുഖം പ്രാപിച്ചുള്ളു.


കേട്ടില്ലേ ഇവൻ നമ്മളെ വിധവകളെയും കുഷ്ഠരോഗികളെയും പോലെ കണക്കാക്കുന്നത്രെ!
വിജാതീയക്കു മുൻഗണന പോലും! ഇവൻ ജീവിച്ചിരുന്നുകൂടാ.
പിടിക്കവനെ.

സിനഗോഗിലുണ്ടായിരുന്ന ജനം ഒന്നടങ്കം കോപാന്ധരായി. അവർ യേശുവിനെ പിടിച്ചു പട്ടണത്തിനു പുറത്തേക്കു കൊണ്ടു പോയി.




നസ്രത്തുകാർ യേശുവി
നെ കൊല്ലാൻ
ശ്രമിച്ചെങ്കിലും ദൈവം
അനുവദിച്ചില്ല. യേശു
അവരുടെ ഇടയിലൂടെ
കടന്നുപോയി.

വിമോചനത്തിന്റെ സദ്വാർത്ത
അറിയിച്ച യേശുവിന്റെ പാതയിൽ
കുരിശിന്റെ നിഴൽ
വീണു. നസ്രത്തിൽ
പ്രഖ്യാപിച്ച വിമോചന
ദൗത്യം എതിർപ്പുകൾക്കു മദ്ധ്യേ
നിറവേറുന്നു.

# വിമോചകൻ

# ചോദ്യങ്ങൾ

1. ആരാണു പ്രവാചകൻ? യുഗാന്ത പ്രവാചകൻ എന്നാൽ എന്ത്?
2. കല്ലുകളെ അപ്പമാക്കാൻ പറഞ്ഞ പ്രലോഭകന് യേശു നൽകിയ മറുപടി എന്ത്?
3. യേശു എങ്ങനെയാണു പ്രലോഭകന്റെ മേൽ വിജയം വരിച്ചത്?
4. യേശുവിൻറെ "സമയം" എന്തിനെ സൂചിപ്പിക്കുന്നു?
5. മറിയത്തിന്റെ മാധ്യസ്ഥം യേശു അംഗീകരിക്കുന്നുണ്ടോ?
6. കാനായിലെ വീഞ്ഞ് എന്തിൻറെ പ്രതീകമാണ്?
7. ദൈവരാജ്യം സ്വീകരിക്കാൻ മനുഷ്യൻ എന്ത് ചെയ്യണമെന്നാണ് യേശു ആവശ്യപ്പെട്ടത്?
8. യേശുവിനോടു, തന്നെ വിട്ടുപോകാൻ പത്രോസ് പറഞ്ഞതെന്തുകൊണ്ട്?
9. താൻ എന്തിനായി അയക്കപ്പെട്ടിരിക്കുന്നു എന്നാണ് യേശു നസ്രത്തിൽ വച്ചു പ്രഖ്യാപിച്ചത്?
10. നസ്രത്തുകാർ യേശുവിനെ തിരസ്കരിച്ചതെന്തുകൊണ്ട്?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും